സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി
KERALA STATE LITERACY MISSION AUTHORITY
TC 24/1862, Thycaud P.O, Thiruvananthapuram - 14
Phone : Off. (0471) 2322253 / 2322254 Fax : (0471) 2322252 E-mail : literacy@asianetindia.com

**പ്രസിദ്ധീകരണത്തിന്**

സ്വീകർത്താവ് :

.....................................................

......................................................

## തുല്യത 'എ' ലെവൽ കോഴ്സിന് അപേക്ഷ ക്ഷണിച്ചു

സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി വിദ്യാഭ്യാസവകുപ്പുമായി ചേർന്ന് നടത്തുന്ന പത്താംതരം തുല്യത 'എ' ലെവൽ കോഴ്സിന്റെ അടുത്ത ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു. ഔപചാരിക ഏഴാം ക്ലാസ്സോ് തുല്യത ഏഴാം ക്ലാസ്സോ പാസായിട്ടുള്ള 17 വയസ് പൂർത്തിയായിട്ടുള്ളതുമായ ഏതൊരാൾക്കും ഈ കോഴ്സിൽ ചേരാവുന്നതാണ്. കോഴ്സ് നടത്തുന്നത് സംസ്ഥാന സാക്ഷരതാമിഷനും പരീക്ഷ, മൂല്യനിർണ്ണയം, ഫലപ്രഖ്യാപനം എന്നിവയുടെ ചുമതല സംസ്ഥാന പൊതു പരീക്ഷ ബോർഡിനുമാണ്.

കോഴ്സ്ഫീസ് 1200 രൂപയും പരീക്ഷ ഫീസ് 500 രൂപയും ഉൾപ്പെടെ ആകെ 1700 രൂപയാണ് ഫീസ്. അപേക്ഷാ ഫീസ് 100 രൂപ.

കോഴ്സിനപേക്ഷിക്കുന്നവർ, സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി ഡയറക്ടറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന 1200 രൂപയുടെ ഡി.ഡിയും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

അപേക്ഷാഫാറം സംസ്ഥാന ഓഫീസ് ജില്ല ഓഫീസുകൾ സംസ്ഥാനത്തെ എല്ലാ തുടർവിദ്യാകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്നതാണ്. ജില്ലാ മിഷൻ ആഫീസുകളിൽ നിന്നും സംസ്ഥാന മിഷൻ ആഫീസിൽ നിന്നും ലഭിക്കുന്നതാണ്.

അപേക്ഷാഫാറം തപാലിൽ ലഭിക്കേണ്ടവർ ഡയറക്ടറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന 100 രൂപയുടെ ഡി.ഡിയും സ്വന്തം മേൽവിലാസം എഴുതി 15 രൂപയുടെ സ്റ്റാമ്പ് ഒട്ടിച്ച് കവറും (10.5 X 7 ഇഞ്ച്), സഹിതം ജില്ലാ സാക്ഷരതാ മിഷൻ ഓഫീസിലേക്കോ സംസ്ഥാന സാക്ഷരതാമിഷൻ ഓഫീസിലേക്കോ അയക്കേ ണ്ടതാണ്.

അപേക്ഷാഫാറം സാക്ഷരതാമിഷന്റെ literacy missionkerala.org എന്ന വെബ്സൈറ്റിൽ ലഭിക്കുന്നതാണ്. അപ്രകാരം അപേക്ഷിക്കുന്നവർ കോഴ്സ് ഫീസിനോടൊപ്പം അപേക്ഷഫോറത്തിന്റെ വിലയായ 100 രൂപയുടെ ഡി.ഡി കൂടി നൽകേണ്ടതാണ്.

ജൂൺ 2 മുതൽ ജൂലൈ 31 വരെ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

എല്ലാ ജില്ലകളിലും സാക്ഷരതാ മിഷന്റെ നേതൃത്വത്തിൽ ആഗസ്റ്റ് മുതൽ സമ്പർക്ക പഠന ക്ലാസ്സുകൾ ആരംഭിക്കുന്നതാണ്.

വിശദവിവരങ്ങൾക്ക് ബന്ധപ്പെടേണ്ട വിലാസം

ഡയറക്ടർ സാക്ഷരതാ മിഷൻ അതോറിറ്റി തൈക്കാട് പി.ഒ , തിരുവനന്തപുരം

ഫോൺ : 0471 2322253 / 2322254

പി. ആർ. ഒ

## ആമുഖം

കേന്ദ്ര മാനവവിഭവശേഷി വികസന മന്ത്രാലയത്തിന്റെ ഭാഗമായ ദേശീയ സാക്ഷരതാ മിഷന്റെയും സംസ്ഥാനസർക്കാരിന്റെയും കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്വയം ഭരണ സ്ഥാപനമാണ് സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി. ഔപചാരിക വിദ്യാഭ്യാസത്തിന് അവസരം ലഭിക്കാതെ പോയവർക്കും അപൂർണ്ണമായി പഠനം നിറുത്തേണ്ടി വന്നവർക്കും തുടർ പഠനത്തിന് അവസരം നൽകുന്ന പഠന പരിപാടിയാണ് സാക്ഷരതാ മിഷൻ നടത്തുന്ന തുല്യതാ കോഴ്സുകൾ. ഔപചാരിക നാല്, ഏഴ് ക്ലാസുകൾക്ക് തുല്യമായ കോഴ്സുകൾ നടത്തി സർക്കാർ അംഗീകൃത സർട്ടിഫിക്കറ്റുകൾ നൽകുന്ന പ്രവർത്തനം സാക്ഷരതാ മിഷൻ 2000 മുതൽ നടത്തി വരുന്നു. തുല്യതാ കോഴ്സുകളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് 2006 ൽ തുടക്കം കുറിച്ച പത്താം തരം 'എ' ലെവൽ. 17 വയസ്സ് പൂർത്തിയായ ഔപചാരിക ഏഴാം ക്ലാസ്സോ, തുല്യത ഏഴാം ക്ലാസ്സോ പാസായിട്ടുള്ള ഏതൊരാൾക്കും 'എ 'ലെവൽ കോഴ്സിന് ചേരാൻ യോഗ്യതയുണ്ട് 'എ' ലെവൽ കോഴ്സ് പാസ്സാകുന്നവർക്ക് എസ്. എസ്. എൽ.സി. പാസായവരെ പോലെ ഉപരിപഠനത്തിനും പി. എസ്. സി മുഖേനയും ഇതര തരത്തിലുമുള്ള സർക്കാർ നിയമനങ്ങൾക്കും പ്രമോഷനും അർഹതയുണ്ടായിരിക്കും.

സർക്കാർ ഉത്തരവ് G.O.(MS) 78/2004/G.Edn dated 09.03.2004 പ്രകാരം ഈ കോഴ്സിന്റെ നടത്തിപ്പിനുള്ള ചുമതല സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിക്കും, പരീക്ഷ, മൂല്യനിർണ്ണയം, ഫലപ്രഖ്യാപനം, സർട്ടിഫിക്കറ്റ് വിതരണം എന്നിവയുടെ ചുമതല പൊതുപരീക്ഷാ ബോർഡിനുമായിരിക്കും.

### കോഴ്സിന്റെ കാലയളവ്

പത്താംതരം തുല്യതാ 'എ' ലെവൽ കോഴ്സിന്റെ കാലയളവ് 10 മാസമായിരിക്കും.

### രജിസ്ട്രേഷൻ കാലാവധി

നിശ്ചിതഫോറത്തിൽ നിശ്ചിതഫീസു സഹിതം രജിസ്ട്രേഷനുവേണ്ടി അപേക്ഷ സമർപ്പിക്കാവുന്നതാണ്. രജിസ്ട്രേഷന്റെ കാലാവധി പരമാവധി 3 വർഷമാണ്.

### പാഠ്യപദ്ധതി

ഔപചാരികവിദ്യാഭ്യാസത്തിലെ എസ്.എസ്.എൽ.സിക്കുള്ള എല്ലാ വിഷയങ്ങളും 'എ' ലെവൽ കോഴ്സിനുമുണ്ടായിരിക്കും. എസ്.എസ്.എൽ.സി പാഠ്യപദ്ധതിയോട് 80% തുല്യതയവകാശപ്പെടാവുന്ന രീതിയിലാണ് 'എ' ലെവലിന്റെ പാഠ്യപദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

### കോഴ്സിൽ ചേരുന്നതിനുള്ള യോഗ്യതകൾ

രജിസ്ട്രേഷൻ ആരംഭിക്കുന്ന ജൂൺ 1ന് അപേക്ഷകർക്ക് 17 വയസ്സ് പൂർത്തിയായിരിക്കണം. ഉയർന്ന പ്രായപരിധി ഈ കോഴ്സിന് ബാധകമല്ല. താഴെപ്പറയുന്ന വിഭാഗത്തിലുള്ളവർക്ക് പത്താംതരം തുല്യത 'എ' ലെവൽ കോഴ്സിനു ചേരാവുന്നതാണ്.

1. ഔപചാരികതലത്തിലുള്ള ഏഴാംക്ലാസു പാസായവർ.
2. ഏഴാംതരം തുല്യതാപരീക്ഷ പാസായവർ
3. എസ്.എസ്.എൽ.സി പരീക്ഷ തോറ്റവർ
4. ഔപചാരികതലത്തിലുള്ള 8നും 10നും ഇടയിൽ പഠനം നിറുത്തിയവർ.

### പരീക്ഷാരീതി

| വിഷയങ്ങൾ | ആകെ മാർക്ക് | ഓരോ വിഷയത്തിനും ജയിക്കാൻ വേണ്ട മിനിമം മാർക്ക് | ഓരോ പാർട്ടിനും ജയിക്കാൻ വേണ്ട മിനിമം മാർക്ക് |
|---|---|---|---|
| ***പാർട്ട് 1*** | | | |
| മലയാളം | 100 | 30 | |
| ഇംഗ്ലീഷ് | 100 | 30 | 90 |
| ഹിന്ദി | 50 | 15 | |
| ***പാർട്ട് 2*** | | | |
| സാമൂഹ്യശാസ്ത്രം *(ചരിത്രം പൗരധർമ്മം, ഭൂമിശാസ്ത്രം)* | 100 | 30 | |
| ജനറൽ സയൻസ് *(ഊർജ്ജതന്ത്രം, രസതന്ത്രം, ജീവശാസ്ത്രം)* | 100 | 30 | 105 |
| ഗണിതം | 100 | 30 | |
| ഇൻഫർമേഷൻ ടെക്നോളജി | 50 | 15 | 15 |
| **ആകെ** | **600** | | **210** |

### നിബന്ധനകൾ

1. പത്താംതരം തുല്യത 'എ' ലെവൽ കോഴ്സ്/പരീക്ഷാ വ്യവസ്ഥകളെയും, മാർഗ്ഗരേഖകളെയും സംബന്ധിച്ച് എന്തെങ്കിലും സംശയങ്ങൾക്കോ വ്യാഖ്യാനങ്ങൾക്കോ ഇടവരുന്ന പക്ഷം ഇക്കാര്യത്തിൽ തുല്യതാ ബോർഡിന്റെയും പൊതു പരീക്ഷാ ബോർഡിന്റെയും തീരുമാനം അന്തിമമായിരിക്കും.
2. അപേക്ഷയോടൊപ്പം സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന നിശ്ചിത തുകയുടെ ഡിമാന്റ് ഡ്രാഫ്റ്റ് കൂടി അടയ്ക്കേണ്ടതാണ്.
3. അപൂർണ്ണവും അവ്യക്തവും നിശ്ചിത ഫീസ് അടയ്ക്കാത്തതുമായ അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.
4. അപേക്ഷയോടൊപ്പം അടച്ച തുക യാതൊരു കാരണവശാലും തിരികെ ലഭിക്കുന്നതല്ല.
5. ഈ കോഴ്സ് സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റും തുല്യതാബോർഡും കാലാകാലങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾ കോഴ്സിൽ ചേർന്നവർക്കും പുതുതായി ചേരുന്നവർക്കും ബാധകമായിരിക്കും.
6. ഈ കോഴ്സ്, പരീക്ഷ എന്നിവ സംബന്ധിച്ചുള്ള നിയമപരമായ തർക്കങ്ങൾ തിരുവനന്തപുരം ജില്ലയിലായിരിക്കും പരിഹരിക്കുന്നത്.

**ഡയറക്ടർ**

അപേക്ഷ നമ്പർ :

# പൊതുവിദ്യാഭ്യാസ വകുപ്പ്, കേരള സർക്കാർ
## കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

## Application for admission to the X Std 'A' level Equivalency Certificate Course
## പത്താം തരം തുല്യത 'എ' ലെവൽ സർട്ടിഫിക്കറ്റ് കോഴ്സ് പ്രവേശനത്തിനുള്ള അപേക്ഷാഫോറം

Affix Passport size photo
പാസ്പോർട്ട് സൈസ് ഫോട്ടോ പതിക്കണം

1. Name in Full (block letters) :
(അപേക്ഷകന്റെ പേര്)

2. Name in Malayalam :
(പേര്, മലയാളത്തിൽ)

3. Permanent address :
(സ്ഥിരമായ മേൽവിലാസം)

4. Address to which communications are to be sent with pincode :
(കത്തിടപാടുകൾ നടത്തുന്നതിനുള്ള വിലാസം പിൻകോഡ് സഹിതം)

5. Phone number with code :
(ഫോൺനമ്പർ കോഡ്സഹിതം)

6. Name of father/guardian :
(അച്ഛന്റെ/രക്ഷകർത്താവിന്റെ പേര്)

7. Name of mother :
(അമ്മയുടെ പേര്)

8. (a) Male/Female :
(സ്ത്രീ/പുരുഷൻ)

(b) Name of Grama Panchayath/Municipality/Corporation :
(ഗ്രാമപഞ്ചായത്തിന്റെ/മുനിസിപ്പാലിറ്റിയുടെ/കോർപ്പറേഷന്റെ പേര്)

(c) Block : (ബ്ലോക്ക്)
(d) District : (ജില്ല)

(e) State : (സംസ്ഥാനം)
(f) Nationality : (പൗരത്വം)

9. Age & Date of Birth :
(വയസ്സും ജനനതീയതിയും)

10. Religion & Caste :
(മതവും, ജാതിയും)

(a) S.C ☐ (എസ്.സി) (b) S.T ☐ (എസ്.ടി) (c) O.B.C ☐ (ഒ.ബി.സി) (d) Other Communities ☐ (മറ്റുവിഭാഗങ്ങൾ)

Put tick mark (✓) wherever applicable (അനുയോജ്യമായതിന് ശരി (✓) അടയാളം ഇടുക)

11. Identification marks : (1)
(തിരിച്ചറിയുന്നതിനുള്ള അടയാളങ്ങൾ)
(2)

12. Occupation (തൊഴിൽ) :

13. Educational Qualification :
(വിദ്യാഭ്യാസ യോഗ്യത)

14. Name & address of the School last attended :
(അവസാനം പഠിച്ച സ്കൂളിന്റെ പേരും വിലാസവും)

15. If appeared for equivalency course? Have you passed VII Std? : Yes / No
(തുല്യതാ കോഴ്സിൽ പഠിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ഏഴാംതരം പാസ്സായിട്ടുണ്ടോ?) : ഉണ്ട്/ഇല്ല

16. Details of fee paid :
(ഫീസ് അടച്ചതിന്റെ വിശദാംശം)

(a) Amount Rs.................... (Rupees ..........................................................................)
(തുക) (രൂപ)

(b) D.D No.(ഡി.ഡി നമ്പർ) :

(c) Date (തീയതി) :

(d) Bank (ബാങ്ക്) :

(e) Branch (ബ്രാഞ്ച്) :

17. Name & address of the CEC/NCEC where registration is done :
(രജിസ്റ്റർ ചെയ്ത വികസന/തുടർവിദ്യാ കേന്ദ്രത്തിന്റെ പേരും മേൽവിലാസവും)

---

**സത്യവാങ്മൂലം**

---

മേൽപ്പറഞ്ഞ കാര്യങ്ങൾ എന്റെ അറിവിൽപ്പെട്ടിടത്തോളം സത്യമാണെന്നും ഈ കോഴ്സിന്റെ പഠന കാലയളവിൽ തുല്യതാ ബോർഡിന്റെ തീരുമാനങ്ങൾ അംഗീകരിച്ചു കൊള്ളാമെന്നും ഞാൻ ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു.

Place (സ്ഥലം) :

Name & Signature of Applicant

Date (തീയതി) :

അപേക്ഷകയുടെ/അപേക്ഷകന്റെ പേരും ഒപ്പും

## അപേക്ഷകരുടെ ശ്രദ്ധയ്ക്ക്

(അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ)

1. നിശ്ചിത ഫീസിന്റെ ഡി.ഡി (പ്രോസ്പെക്ടസ് നോക്കുക)
2. അപേക്ഷയിൽ പതിക്കുന്ന ഫോട്ടോ സാക്ഷ്യപ്പെടുത്തിയിരിക്കണം
3. ജനനതീയതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
4. ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. (സംവരണാനുകൂല്യം ലഭിക്കുന്ന സമുദായത്തിൽപെട്ട അപേക്ഷകർക്ക് മാത്രം ബാധകം)
5. വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

അപേക്ഷയിലെ എല്ലാഭാഗവും കൃത്യമായി പൂരിപ്പിച്ചിരിക്കണം. പൂർണ്ണമായി പൂരിപ്പിച്ചിട്ടില്ലാത്തതും ആവശ്യമായ രേഖകൾ ഇല്ലാത്തതുമായ അപേക്ഷ സ്വീകരിക്കുന്നതല്ല.

പ്രോസ്പെക്ടസിലെ നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിച്ചതിനുശേഷം വേണം അപേക്ഷ പൂരിപ്പിക്കേണ്ടത്.

അപേക്ഷാ ഫോറത്തോടൊപ്പം ചേർത്തിട്ടുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പൂരിപ്പിച്ച് പാസ്പോർട്ട് സൈസ് ഫോട്ടോ പതിക്കേണ്ടതാണ്. അപേക്ഷ രജിസ്റ്റർ ചെയ്യുന്ന മുറക്ക് ഇത് തിരിച്ചയച്ചുതരുന്നതും ടി രേഖ അപേക്ഷകർ സൂക്ഷിക്കേണ്ടതുമാണ്.

---

## സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

## പത്താംതരം തുല്യത 'എ' ലെവൽ കോഴ്സ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്

(അപേക്ഷകർ പൂരിപ്പിക്കേണ്ടത്)

പേര് : ..........................................................................................

അഡ്രസ്സ് : ..........................................................................................

..........................................................................................

ജില്ല : .............................................. പിൻകോഡ് : ..................................

ജനനതീയതി : ..........................................................................................

അപേക്ഷകന്റെ ഒപ്പ് :

ഫോട്ടോ

**(ഓഫീസ് ഉപയോഗത്തിന്)**

രജിസ്ട്രേഷൻ നമ്പർ : ______ അപേക്ഷ നമ്പർ : ______

ബാച്ച് നമ്പർ, വർഷം : ................................................

ടിയാളെ പത്താംതരം തുല്യത 'എ' ലെവൽ കോഴ്സ് പഠിതാവായി രജിസ്റ്റർ ചെയ്തിരിക്കുന്നു.

**ഡയറക്ടർ**

(ഓഫീസ് സീൽ) കെ.എസ്.എൽ.എം.എ